ഫ്രത്തേല്ലി തുത്തി: ഫ്രാൻസിസ് മാർപാപ്പായുടെ ശ്രദ്ധേയമായ ചാക്രിക ലേഖനം

ഫാ. ഡോ. കെ. എം. ജോർജ്

പരമ്പരാഗതമായി മാർപാപ്പാമാരുടെ ചാക്രിക ലേഖനങ്ങൾ കത്തോലിക്കാ സഭയ്ക്കുള്ളിലെ പാത്രിയർക്കീസന്മാർ, ആർച്ച് ബിഷപ്പന്മാർ, വൈദികർ, ജനങ്ങൾ എന്നിവരെ അഭിസംബോധന ചെയ്തുകൊണ്ട് കത്തോലിക്കർക്കു വേണ്ടി എഴുതുന്ന ഇടയലേഖനങ്ങളാണ്. അതുകൊണ്ട് കത്തോലിക്കാ സഭയ്ക്കു പുറത്തുള്ളവർ അത് ശ്രദ്ധിക്കാറേയില്ല. മാത്രവുമല്ല സഭയുടെ ചില സിദ്ധാന്തങ്ങൾ ഉയർത്തിപ്പിടിച്ച് ലോകത്തിൽ ഉണ്ടാകുന്ന പുരോഗമന പരമായ പല ആശയങ്ങളെയും വിമർശിക്കുകയും തള്ളിക്കളയുകയും ചെയ്യുന്ന രീതി ഉണ്ടായിരുന്നു. യൂറോപ്പിലെയും മറ്റും കടുത്ത മതവിദ്വേഷികളും സഭാവിരോധികളും പലപ്പോഴും അവജ്ഞയോടെ അവയെ അവഗണിക്കുകയും ചെയ്യുമായിരുന്നു.

എന്നാൽ 20-ാം നൂറ്റാണ്ടിൽ, അതായത് രണ്ടാം വത്തിക്കാൻ സുന്നഹദോസിനു ശേഷം, പുതിയ കാറ്റ് വീശിത്തുടങ്ങി. ഫ്രാൻസിസ് മാർപാപ്പായുടെ കാലത്തോടു കൂടി കാര്യമായ മാറ്റം വന്നു. തുടക്കം മുതൽ അദ്ദേഹത്തിന്റെ വാക്കുകളും പ്രവൃത്തികളും ലോകം മുഴുവൻ ശ്രദ്ധിച്ചുകൊണ്ടിരുന്നു. വത്തിക്കാനിലെ കർശനമായ പ്രോട്ടോക്കോൾ ലംഘിച്ച് മനുഷ്യസ്നേഹത്തിന്റെയും കരുണയുടെയും ഇടവഴികളിലേക്ക് ഫ്രാൻസിസ് മാർപാപ്പാ ഇറങ്ങിത്തുടങ്ങി. സഭയ്ക്കുള്ളിലെ യാഥാസ്ഥിതികർ പലരും നെറ്റി ചുളിക്കുകയും വിമർശനം ഉന്നയിക്കുകയും ചെയ്തപ്പോഴും യേശുക്രിസ്തുവിന്റെ സുവിശേഷത്തിന്റെ അർത്ഥവും വിവക്ഷയും തേടി അർജന്റീനാക്കാരനായ ഈ വൃദ്ധ പുരോഹിതൻ മനുഷ്യലോകത്തോട് സംവദിച്ചു.

'ഫ്രത്തേല്ലി തുത്തി' (Fratelli tutti) എന്ന ഇറ്റാലിയൻ പദങ്ങളുടെ അർത്ഥം എല്ലാവരും സഹോദരന്മാർ എന്നാണ്. ആ വാക്കുകളിൽ ചാക്രിക ലേഖനം തുടങ്ങുന്നതുകൊണ്ട് അതിന്റെ ശീർഷകവും അങ്ങനെയായി. 13-ാം നൂറ്റാണ്ടിൽ അസ്സീസ്സിയിലെ വി. ഫ്രാൻസിസ് തന്റെ സഹോദരങ്ങളെയും ദൈവസൃഷ്ടിയെ മുഴുവൻ അഭിസംബോധന ചെയ്യാൻ ഉപയോഗിച്ച വാക്കുകളാണ് ഇവ. സൂര്യനെ സഹോദരനായും വെള്ളത്തെ സഹോദരിയായും എല്ലാ ജീവജാലങ്ങളെയും സാഹോദര്യത്തിന്റെ മടിത്തട്ടിലാക്കി ജീവിച്ച ആ വിശുദ്ധന്റെ പേരാണ് മാർപാപ്പാ എടുത്തത്. ഇത് പലരെയും അദ്ഭുതപ്പെടുത്തിയിരുന്നു. കാരണം ജസ്യൂട്ട് സന്യാസ സമൂഹത്തിൽപെട്ട ആളാണ് ഇപ്പോഴത്തെ മാർപാപ്പാ. അദ്ദേഹം സ്ഥാനമേറ്റപ്പോൾ വാസ്തവത്തിൽ സ്വീകരിക്കേണ്ടിയിരുന്നത് ജസ്യൂട്ട് സമൂഹത്തിന്റെ സ്ഥാപകനും മുൻ പട്ടാളക്കാരനും അതികർശനക്കാരനുമായിരുന്ന ഇഗ്നേഷ്യസ് ലയോളയുടെ പേരാണ്. പക്ഷേ, പാപ്പാ എടുത്തത് അതിൽ നിന്നു വളരെ വ്യത്യസ്തമായ അനുകമ്പയുടെയും ആർദ്രതയുടെയും സർവ്വസൃഷ്ടിയോടുള്ള സ്നേഹത്തിന്റെയും ഭാവം പ്രകടിപ്പിച്ച അസ്സീസിയിലെ ഫ്രാൻസിസിന്റേതാണ്. പാശ്ചാത്യ സഭയിലും പൊതുസമൂഹത്തിലും ക്രിസ്തുരൂപിയായ സന്യാസിയായിട്ടാണ് അസ്സീസിയിലെ ഫ്രാൻസിസ് കരുതപ്പെടുന്നത്.

എട്ട് അദ്ധ്യായങ്ങളുള്ള ദീർഘമായ ഇടയലേഖനമാണ് ഫ്രത്തല്ലി തുത്തി. ഇന്നത്തെ ലോകത്തിന്റെ അവസ്ഥയെ പൂർണ്ണമായി ഗ്രഹിച്ചുകൊണ്ട്, പാവങ്ങളോടും തള്ളപ്പെട്ടവരോടും താദാത്മ്യം പ്രകടിപ്പിച്ച് ലോകത്തിന്റെ സാമ്പത്തിക കടിഞ്ഞാണുകൾ നിയന്ത്രിക്കുന്ന ശക്തികളെ വിമർശിച്ചും തിരുത്തിയും, മറ്റ് മതങ്ങളോടും കാഴ്ചപ്പാടുകളോടും സ്നേഹസംവാദം പ്രോത്സാഹിപ്പിച്ചുകൊണ്ടും എഴുതപ്പെട്ട ഈ ചാക്രിക ലേഖനം ഒരു പാശ്ചാത്യ മത നേതാവിൽ നിന്നു വന്നു എന്നുള്ളത് പലരെയും വിസ്മയിപ്പിക്കുന്നു. ഇത്രയും തുറന്നതും സത്യസന്ധവുമായ ഈ ലേഖനം ലോകത്തിനു വേണ്ടിയുള്ള ദൈവത്തിന്റെ ഇച്ഛ പ്രകടിപ്പിക്കുന്നതിനോടൊപ്പം സഭയുടെ ഭാഗത്തു നിന്നു വന്നുപോയ കുറവുകളെ കുറിച്ചുള്ള ഒരു ഏറ്റുപറച്ചിൽ കൂടിയായി അനുഭവപ്പെട്ടു. ഒരു ക്രിസ്തീയ സഭാദ്ധ്യക്ഷന്റെ വിനയത്തോടും ദൈവരാജ്യത്തെക്കുറിച്ചുള്ള ദർശനത്തോടും പ്രവാചകധൈര്യത്തോടും കൂടിയുള്ള ഇങ്ങനെയൊരു പുതുലേഖനം വളരെ അപൂർവ്വമായി മാത്രമേ നമുക്കു ലഭിക്കുകയുള്ളൂ.

അദ്ദേഹത്തിന്റെ ചിന്തയിൽ നാമെല്ലാവരും ഒരുമിച്ചാണ് സത്യം അന്വേഷിക്കേണ്ടത് എന്ന് വ്യക്തമാക്കുന്നു. പറയുന്ന ആളും അദ്ദേഹത്തിന്റെ കീഴിലുള്ള സമൂഹവും മാത്രമാണ് സത്യത്തിന്റെ മുതൽപിടിക്കാർ എന്ന മുൻഗാമികളുടെ ധാരണയെ അദ്ദേഹം പരോക്ഷമായി തിരുത്തുന്നുമുണ്ട് എന്നും നമുക്ക് മനസ്സിലാകും. കത്തോലിക്കാ സഭയിൽ അനിഷേധ്യ പ്രമാണമായി പറഞ്ഞുകൊണ്ടിരുന്ന പാപ്പായുടെ അപ്രമാദിത്വമോ മറ്റ് ക്രിസ്തീയ സഭകളുടെമേൽ ഉള്ള അധീശത്വ അവകാശവാദമോ ഒന്നും ഇതിലില്ല. പരിസ്ഥിതിയെ സംരക്ഷിക്കുന്നതും അഭയാർത്ഥികൾക്ക് അഭയം കൊടുക്കുന്നതും നീതിക്കുവേണ്ടി ദാഹിക്കുന്നവർക്ക് നീതി ലഭ്യമാക്കുന്നതും മതങ്ങളുടെ മത്സരമില്ലാതെ സാഹോദര്യ സഹകരണങ്ങൾ നടപ്പിൽ വരുത്തുന്നതിനും എല്ലാ നേതാക്കന്മാരെയും ഉദ്ബോധിപ്പിക്കുന്ന വാക്കുകളാണ് തുടരെത്തുടരെ അദ്ദേഹം ഉപയോഗിക്കുന്നത്.

'പ്രതികാരം ഒരു പ്രശ്നത്തിനും പരിഹാരമല്ല' എന്ന് പ്രസ്താവിച്ചുകൊണ്ട് പരസ്പരം പടവെട്ടുന്ന രാജ്യങ്ങളെയും സമൂഹങ്ങളെയും അനുരഞ്ജനത്തിന്റെ പാതയിലേക്ക് അദ്ദേഹം ക്ഷണിക്കുന്നു.

ഇതൊക്കെ നല്ല കാര്യങ്ങളാണല്ലോ എന്ന് നമുക്ക് എല്ലാവർക്കും തോന്നാമെങ്കിലും കഠിനമായ വിമർശനങ്ങൾ

കത്തോലിക്കാ സഭയ്ക്കുള്ളിൽ ഫ്രാൻസിസിനെതിരെ ഉയരുന്നുണ്ട്. 43000 വാക്കുകൾ ഉപയോഗിച്ചിട്ട് അതിൽ പിതാവായ ദൈവം എന്ന് ഒരിടത്തുമില്ല, യേശുക്രിസ്തുവിനെയും പരിശുദ്ധാത്മാവിനെയും കുറിച്ച് ഈരണ്ടു പരാമർശനങ്ങളേ ഉള്ളൂ, അതുകൊണ്ട് മാർപാപ്പാ ത്രിത്വ വിശ്വാസമോ, യേശുക്രിസ്തുവിന്റെ അതുല്യതയോ ഗൗരവമായിട്ട് എടുക്കുന്നില്ല എന്നാണ് തീവ്ര വിമർശനം. ഇത് വെറുമൊരു ഹ്യൂമനിസ്റ്റ് ലേഖനമാണ്, ദൈവികമല്ല എന്നും പറയുന്നവരുണ്ട്. നാം ദൈവത്തിന്റെ മക്കളാണ് എന്നു പറയുന്നതിനു പകരം ആദാമിന്റെ മക്കളാണെന്നു പറയുകയും രണ്ടാം ആദാമായിത്തീർന്ന ക്രിസ്തുവിനെക്കുറിച്ച് വേണ്ടത്ര പറയാതിരിക്കുകയും ചെയ്യുന്നു എന്നൊക്കെയാണ് യാഥാസ്ഥിതിക വിമർശനം. ഒരുപക്ഷേ ബെനഡിക്ട് മാർപാപ്പാ ഭരിച്ചിരുന്ന കാലത്ത് ജനകീയ ബിഷപ്പായിരുന്ന ഫ്രാൻസിസ് (ബർഗോഗിയോ) ഇങ്ങനെയൊരു ലേഖനം എഴുതിയിരുന്നെങ്കിൽ ഒരുപക്ഷേ വത്തിക്കാനിൽ നിന്ന് കർശന നടപടികൾ ഉണ്ടാകുമായിരുന്നു.

ഏതായാലും ഒരു കാര്യം വ്യക്തമാണ്. കത്തോലിക്കാ സഭ അതിഗൗരവമായ പ്രതിസന്ധികളിലൂടെ കടന്നുപോയ സമയത്താണ് ബെനഡിക്ട് മാർപാപ്പാ രാജി വയ്ക്കുകയും ഫ്രാൻസിസ് സ്ഥാനമേൽക്കുകയും ചെയ്തത്. ഫ്രാൻസിസിന്റെ വിനീതവും മനുഷ്യസ്പർശിയുമായ വാക്കുകളും പ്രവൃത്തികളുമാണ് ഈ വലിയ പ്രതിസന്ധിയിൽ കത്തോലിക്കാ സഭയെ ലോകത്തിനു മുമ്പിൽ പിടിച്ചുനിൽക്കാൻ സഹായിച്ചത്. ഒരളവിൽ എല്ലാ ക്രിസ്ത്യാനികൾക്കും അത് സഹായകമായിത്തീർന്നു. യേശുക്രിസ്തുവിന്റെ സുവിശേഷമാണ് മറ്റെല്ലാ പ്രമാണങ്ങളെക്കാളും പാരമ്പര്യങ്ങളെക്കാളും ഫ്രാൻസിസ് മാർപാപ്പാ തന്റെ പാതയ്ക്കു വിളക്കായി കരുതിയത്. അതുകൊണ്ട് എന്ത് വിമർശനമുണ്ടായാലും അദ്ദേഹം ഉയർത്തിപ്പിടിക്കുന്ന സത്യവും സ്നേഹവും ക്ഷമയും കുറെ നാളുകൾ കുരിശിക്കപ്പെട്ടാലും വീണ്ടും ഉയിർത്തെഴുന്നേൽക്കും എന്നാണ് എല്ലാ നല്ല മനുഷ്യരുടെയും പ്രത്യാശ. നമ്മുടെ ഇരുണ്ട ഈ യുഗത്തിൽ ഒത്തിരിയേറെ മനുഷ്യർക്ക് പ്രകാശം നൽകുന്നതാണ് ഈ ഇടയലേഖനം എന്നതിൽ സംശയമില്ല.